ജി എച്ച് എസ് പിണറായൂർകുടി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം

1978-ൽ സ്ഥാപിതമായ ജി.എച്ച്.എസ് പിണവൂർക്കുടി എറണാകുളം ജില്ലയിൽ കുട്ടമ്പുഴ പഞ്ചായത്തിലെ ഉരുളൻതണ്ണിയിലാണ് സ്ഥിതിചെയ്യുന്നത്. ഈ വിദ്യാലയം ആദിവാസിവിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. അക്കാദമിക മികവു പുലർത്താൻ കഴിയും വിധം അച്ചടക്കത്തിലും ശാന്തമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാണിത്. S.S.L.C പരീക്ഷയിൽ 100% വിജയം നേടി പ്രവർത്തനം മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു.

## വിദ്യാഭ്യാസ ലക്ഷ്യങ്ങൾ

- വ്യക്തിയെയും സമൂഹത്തെയും വളർത്തുക.
- പുതിയ കാര്യങ്ങൾ പഠിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്ത് അറിവ് നേടുക
- കഴിവുകൾ വികസിപ്പിക്കുക.
- ധാർമിക മൂല്യങ്ങൾ സാമൂഹിക പ്രതിബദ്ധത, രാജ്യസ്നേഹം തുടങ്ങിയ കാര്യങ്ങളിൽ വ്യക്തികളെ ബോധവാന്മാരാക്കി വിശ്വപൗരന്മാരെ വാർത്തെടുക്കുക.
- സഹകരണ മനോഭാവം, മറ്റുള്ളവരുമായി ഇടപഴകാനുമുള്ള കഴിവ്, സാമൂഹിക ഐക്യം തുടങ്ങിയ കാര്യങ്ങളിൽ വ്യക്തികളെ പ്രാപ്തരാക്കുക.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്സ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലൂടെ പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി | SMC |
| | 2) അമ്മ വായനയുടെ അമ്മമാർ കുട്ടികൾക്ക് അവതരിപ്പിക്കുന്നു | ജൂലൈ ഡിസംബർ ജനുവരി മാസത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ<br>SRG<br>മദർ പി.ടി.എ | മദർ പി.ടി.എ. |

മേഖല : അക്കാദമികം

ഉപമേഖല: ഗണിതം

ക്ലാസ്സ് : 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികൾക്ക് കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലഭ്യമാക്കൽ | 1) ഗണിത മാഗസിൻ | ജൂൺ-മാർച്ച് | S ആർ ജി | SSA |
| | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിന ക്യാമ്പ് | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |
| | 3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG കൺവീനർ | |

മേഖല : അക്കാദമികം

ഉപമേഖല = പരിസര പഠനം

ക്ലാസ്സ് – 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ പാചകവും രുചി അറിയും | ജൂൺ- ജൂലൈ- ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പരിസ്ഥിതി ഉദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്തെ | ഡിസംബർ ജനുവരി | SRG SMC | |

മേഖല = അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്സ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരങ്ങൾ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് | SRG | SSA |
| | | | | |

മേഖല അക്കാദമികം

ഉപമേഖല ഇംഗ്ലീഷ്

ക്ലാസ് II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ[illegible] |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിനുള്ള അവസരമൊരുക്കൽ | Let's talk<br>പ്രതിദിന വാക്യങ്ങളുമായി സംവദിക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | SRG<br>ക്ലാസ് Teacher | |
| | English ബാലസഭ | മാസത്തിൽ ഒന്ന് | SMC | |
| | ഇംഗ്ലീഷ് അസംബ്ലി<br>One day English | ആഴ്ചയിൽ ഒന്ന് | | |

മേഖല - അക്കാദമികം

ഉപമേഖല - മലയാള ഭാഷ

ക്ലാസ് II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദ |
| --- | --- | --- | --- | --- |
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖനമികവ് | ① എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാക്യാമ്പുകൾ<br>② ലഘുപതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ നവംബർ<br>ഡിസംബർ | SRG<br>SMC<br>കുട്ടികൾ<br>മദർ പി.ടി.എ<br>സ്റ്റാഫ് | S ആർ ജി<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയുണർത്താം | രചനാശില്പശാല കഥ കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>കുട്ടികൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

മേഖല - അക്കാദമികം
ഉപമേഖല - പരിസരപഠനം
ക്ലാസ് II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വം സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചന, മത്സരം അവതരണങ്ങൾ | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാഴ്ച ബംഗ്ലാവിലേക്ക് കാണാക്കാഴ്ചകൾ - ഇ ഉ | സെപ്തംബർ നവംബർ | ടീച്ചേഴ്സ് SRG SMC | SMC |
| നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം. | ജനുവരി | SRG SMC നാട്ടുകാർ | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ചില |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ<br><br>ഗണിത ക്യാമ്പ് ഗണിതം കളികളിലൂടെ | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | |

മധുരം മലയാളം. മലയാള ഭാഷ. Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതു വരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട്. |
| വായിക്കാം വളരാം. | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലിക വായന. | വർഷം മുഴുവൻ. | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| എഴുതാം തെളിയാം. | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ. | പ്രതിമാസം വർഷം മുഴുവൻ. | SRG<br>ക്ലാസ് ടീച്ചർ | PTA |

എഴുത്തുകാരുമായി സംവദിക്കൽ.

| | | | | |
|---|---|---|---|---|
| ലേഖന ശേഷി വർദ്ധിപ്പിക്കൽ- സാഹിത്യകാരൻമാരെ അടുത്തറിയാം. | സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ. | |
| കണ്ടറിയാം ... കേട്ടറിയാം. | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ... | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ | PTA |
| രുചിച്ചറിയാം. | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | ഭക്ഷ്യമേള- പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം.<br>ക്ലാസിലൊരു സദ്യ. | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ<br>PTA | |
| ഓർക്കാം ... അഭിമാനിക്കാം (സാഹിത്യകാരൻമാർ) | | | | |
| സാഹിത്യകാരൻമാരുടെ ജൻമ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ. | ഓർമ്മദിനങ്ങൾ- ആചരിക്കൽ ഡോക്യുമെന്ററി - പ്രദർശനം പുസ്തകപരിചയം, ക്വിസ് ലഘുപ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം- പ്രദർശനം. | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ<br>CPTA | |

| | | | | |
|---|---|---|---|---|
| കലാകാട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ്മുറിയിലേക്ക്, കലാവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ. | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>ക്ലാസ്ടീച്ചർ | PTA |
| സർഗ്ഗോത്സവം. | | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ. | PTA. |

പ്രകൃതിനടത്തം — പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| നിരീക്ഷണം - അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രമൂല | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കാൻ. | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്ടീച്ചർ | PTA<br>SSA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ<br>അന്വേഷണ ത്വര വളർത്തൽ. | വാനനിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ട്രോപ്പിക്കൽ അക്കാദമി<br>ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം. | HM<br>SRG<br>CPTA<br>ക്ലാസ്ടീച്ചർ | PTA<br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| ഭൂപടമൊരുക്കാം. | | | | |
| കേരളം – ഇന്ത്യ- ഭൂപടവായന. സൂചിക – പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര വിസ്മയ ചുമർ | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രോത്സവം. | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട് ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ. | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രമാസിക | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

English Assembly. English.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കുവാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ 2 ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുക. | ആഴ്ചയിൽ 3 ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തീയേറ്റർ. | | | | |
| സർഗ്ഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Convers-ation, Story Telling) | മാസത്തിലൊന്ന്. | ക്ലാസ് ടീച്ചർ | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ. | | | | |
| സർഗ്ഗാത്മകതാ രചനാശേഷി വികാസനം. | 3 മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | 3 മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | SMC |
| ഇംഗ്ലീഷ് കൈയ്യെഴുത്ത്. | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം. | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br>, വായനവേള ഒരുക്കൽ<br>, വായനാക്കുറിപ്പ്<br>, പുസ്തക പരിചയം. | രണ്ടാഴ്ചയിൽ ഒന്ന്. | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഫെസ്റ്റ്. | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | വായനാ മത്സരം, രചനാ മത്സരം മറ്റ് സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധിക്കാലം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | |
| | | | | |
| | | | | |
| | | | | |
| | | | | |

മേഖല : UP ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും സംസാരിക്കാനും അവസരം ഒരുക്കുന്നു. | • ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള അവസരം പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | • ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |
| | • Treasure Hunt :- വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിടിന അറേഞ്ചാക്കുന്നു. ഓരോ അംഗത്തിനും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്ന പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | • ഇംഗ്ലീഷ് വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | • ആശയം നല്കി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നല്കുന്നു. | ഒക്ടോബർ | ,, | |
| 2. ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | • വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ പ്രദർശിപ്പിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നല്കുന്നു. (ലളിതമായതിൽ നിന്നും സങ്കീർണതയിലേക്ക്) | ആഴ്ചയിൽ / മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | • വ്യത്യസ്തമായ കഥകൾ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നല്കുന്നു. | ടേമിൽ ഒരു തവണ | ,, | |
| | • ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നല്കി Reader of the Month നെ തിരഞ്ഞെടുക്കുന്നു. | മാസം തോറും | ,, | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | • കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | • സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ ക്ലാസ് റൂമിൽ പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | " | |
| | • ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം തെറ്റ് കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | മാസത്തിൽ ഒരു തവണ | " | |
| | • കടംകഥകൾ, കുസൃതി ചോദ്യങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നല്കുന്നു. | ആഴ്ചയിൽ ഒരു തവണ | " | |
| • ഇംഗ്ലീഷ് ഭാഷ-യോടുള്ള ആത്മ വിശ്വാസം ഉയർത്തുന്നു. | • കഥപറയൽ, കഥയെഴുത്ത്, Role Play, നാടകം പ്രസംഗം തുടങ്ങിയവ ഇംഗ്ലീഷ് ക്ലബിന്റെ സഹായത്തോടെ നടത്തുന്നു. | വർഷത്തിൽ ഒരു തവണ | അധ്യാപകൻ, ഇംഗ്ലീഷ് ക്ലബ് | |

മേഖല : യു പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയിലെ അടിസ്ഥാന ശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം:- പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാള അധ്യാപകർ | |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാള അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാള അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | വാർത്താലോകത്തേക്ക് : പത്രം, ആഴ്ചപതിപ്പ്, മാസികകൾ, ബാലപുസ്തകങ്ങൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാള അധ്യാപകർ | |
| 3) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കാൻ. | മികവാർന്ന പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചൊൽകാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കുന്നു. ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | മലയാള അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 4) കുട്ടികളുടെ ആകാശവാണി UJHS പിണറാവിർകിടി അവതരണ മികവ്. | വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു.<br>വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടക്കുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും. | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർമാർ, മലയാളം അധ്യാപകർ | |

UP - ഹിന്ദി - 5,6,7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) 5,6,7 ക്ലാസുകളിൽ അക്ഷര ബോധം ഉറപ്പിക്കൽ<br>ഹിന്ദി അഞ്ചാം ക്ലാസ്സ് മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഉച്ചരിക്കാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക.<br>പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. അക്ഷരങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് എന്നിവ കാണിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശീലനം ചെയ്യും. | നിരന്തരം ഹിന്ദി പുസ്തകങ്ങളിലൂടെ വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും. ഹിന്ദി കഥകൾ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപകർ |

UP - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| 3) ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി വാക്കുകൾ ദിവസവും ക്ലാസ്സുകളിൽ ഉപയോഗിക്കാൻ ശ്രമിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. വായന മത്സരം നടത്തി കുട്ടികളുടെ ഉത്സാഹം വർദ്ധിപ്പിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപകർ. |

മേഖല : UP സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക് ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | |
| | പരീക്ഷണക്കളരി നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | • ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | |
| | • ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | |
| | • ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | |
| | • കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | • ICT സഹായത്തോടെ ശാസ്ത്ര വിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കുട്ടികൾ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# UP-Social Science Academic Master Plan 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിപോഷിപ്പിക്കാൻ നേടിയെടുക്കൽ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിനുള്ള പ്രവർത്തനം നൽകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ചരിത്രപ്രാധാന്യം ഉള്ള സ്ഥലങ്ങളിലേക്ക് Field trip സംഘടിപ്പിക്കുക. ICT യുടെ സാധ്യത ഉപയോഗിച്ച് ചരിത്രപ്രാധാന്യം നിറഞ്ഞ സ്ഥലങ്ങൾ കാണിക്കുക. അതിലൂടെ ചരിത്രാവബോധം വളർത്തുക. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കൾക്കൊപ്പം പങ്കെടുത്ത് ഇവ മനസ്സിലാക്കുക. സ്കൂൾ തെരഞ്ഞെടുപ്പ് സംഘടിപ്പിക്കുക | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ കാരണം, ഉണ്ടായാൽ സംഭവിക്കുന്ന കാര്യങ്ങൾ എന്ന് തിരിച്ചറിയുകയും രക്ഷാപ്രവർത്തനവും നൽകാം. തുടങ്ങിയവ ICT യുടെ സഹായത്തോടെയും അഗ്നിശമനസേനയുടെ സഹായത്തോടെയും Demonstration ക്ലാസ്സ് സംഘടിപ്പിച്ച് രക്ഷാപ്രവർത്തനത്തിന് കുട്ടികൾക്ക് പ്രാപ്തി നൽകുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. സഹജീവികളോട് സഹഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പ്രകൃതിദുരന്തങ്ങൾ സംഭവിക്കുമ്പോൾ അതിന് ഇരയായവരെ സംരക്ഷിക്കാനുള്ള സഹായങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുക. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |

| | | | |
|---|---|---|---|
| 6. വിവരവിനിമയ സങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ച് (ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ച്) റോഡ് സുരക്ഷ എന്നിവയെക്കുറിച്ചെല്ലാം വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പോലീസുദ്യോഗസ്ഥരുടെയും സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ സ്കൂളിൽ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |
| 7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | Field Trip -> പരിസരത്ത് പ്രാധാന്യം അർഹിക്കുന്ന തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ കാവുകൾ എന്നിവയെല്ലാം പ്രോജക്ട് സർവ്വേയും ഇവയുടെ സംരക്ഷണവും വിലയിരുത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |
| 8. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | പൊതുവിജ്ഞാനം വളർത്തുന്ന ചോദ്യോത്തര വേളകൾ സംഘടിപ്പിക്കുക. പഠിതാവിന്റെ അറിവ് വികസിപ്പിക്കുക. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |

മേഖല: UP ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്കുന്നു— നമ്പർചാർട്ട്, മുത്തുകൾ, പ്ലാസ്ചാർട്ട് എന്നിവ ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും അതുവഴി ശേഷികളുടെ വികാസവും | വിവിധ രൂപങ്ങൾ നിർമ്മിക്കൽ അവയുടെ സവിശേഷതകൾ പട്ടികപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബിൽ വച്ച് ഗണിത ക്ലാസുകൾ നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബിലെ അംഗങ്ങൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | IT സാധ്യതകളിലൂടെ :- ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 5. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുന്നോക്കം നിൽക്കുന്ന കുട്ടികളും ചേർന്ന് മാർഗനിർദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരിയഡ് | അധ്യാപകരും സമർഥരായ കുട്ടികളും | |
| 6. വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

ഹൈസ്കൂൾ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | നിരന്തര വിശകലനം. |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | English library നവീകരണം English corner story time English Cartoon പ്രദർശനം. | അക്കാദമിക് കാലയളവിൽ അനുവദിക്കുന്ന സമയങ്ങളിൽ | ടീച്ചേഴ്സ്. | |
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | English Cinema-കൾ പ്രദർശിപ്പിക്കുന്നു. Role play, English day ആചരണം എന്നിവ നടത്തുക. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേഴ്സ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, |
| സ്വതന്ത്ര വായനക്ക് സജ്ജരാക്കുക. സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | ചിത്രവായന, പത്രവായന, പദസമ്പാദനം അസംബ്ലി ന്യൂസ് വായിക്കൽ, വായന മത്സരം നടത്തൽ. | ക്ലാസ് റൂം പ്രവർത്തനങ്ങൾ & അസംബ്ലി | ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ്ബ് |
| നാടകീകരണം | ഇംഗ്ലീഷ് അസംബ്ലി, skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങൾ, ക്യാമ്പ് | ഇംഗ്ലീഷ് club | രക്ഷിതാക്കൾ. |

[illegible] - ഇംഗ്ലീഷ്

| | | | | |
|---|---|---|---|---|
| സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | പ്രശസ്ത എഴുത്തുകാർ, നിരൂപകർ എന്നിവരുടെ അഭിമുഖങ്ങളും രചനകളും ICT-യുടെ സഹായത്തോടെ നടത്തുന്നു. | വെക്കേഷൻ [ഓണം, ക്രിസ്മസ്] | SRG, P.T.A, ടീച്ചേഴ്സ്. | P.T.A, SRG മാനേജ്മെന്റ് |
| കവിതാലാപനത്തിനും കവിത രചനയ്ക്കും ഉത്സുകരാക്കുന്നു. | ഇംഗ്ലീഷ് വീഡിയോ കേൾക്കാനുള്ള അവസരം, Book reviews, കവിത രചന, ആലാപന മത്സരങ്ങൾ | ക്ലാസ് പ്രവർത്തനങ്ങൾ, | English Teachers | English club |
| | | | | |

മേഖല - ഹൈസ്കൂൾ - മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1, | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക.<br>7. വാക്യങ്ങൾ നിർമ്മിക്കൽ.<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | 2 മാസം | പുസ്തകങ്ങൾ, ചിത്രങ്ങൾ. | പി.ടി.എ, അധ്യാപകർ. |
| 2, | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം.<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം.<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം. | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ., അധ്യാപകർ. |

മേഖല - ഹൈസ്കൂൾ - മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| | | 12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന.<br>14. ഇ-വായന. | | | |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം.<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5. ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ.<br>7. വ്യക്തിഗതരചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം.<br>10. സാഹിത്യ-സാംസ്കാരിക ചിത്രഗ്യാലറി. | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ. | പി.ടി.എ., അധ്യാപകർ. |
| 4 | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം. | ഓഡിയോ, വീഡിയോ | ടെയിനർ, അധ്യാപകർ. |

H.S - 8,9,10

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) മാതൃ ഭാഷയെ പോലെ ഹിന്ദിയിലെ വാക്കുകളും ഉപയോഗിക്കാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരൻമാരുടെ കഥകൾ; സിനിമകൾ എന്നിവ കാണിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| 3) ഹിന്ദി സംസാരിക്കുവാൻ താത്പര്യം ഉണ്ടാക്കുന്നു. | ചെറിയ കഥകൾ, സിനിമകൾ എന്നിവ IT പ്രയോജനപ്പെടുത്തി കാണിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ. | |
| 4) ഹിന്ദി സംസാരിക്കാൻ പ്രാപ്തരാക്കുക. | ഹിന്ദി സംഭാഷണങ്ങൾ പ്രശസ്തരുടെ അഭിമുഖങ്ങൾ എന്നിവ കാണിക്കുവാൻ സന്ദർഭം ഒരുക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | PTA |

ഹൈസ്കൂൾ – ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ഗണിത ശില്പശാല, കളിരീതികളിലൂടെ അടിസ്ഥാന ക്രിയ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, ഫ്ലാഷ് കാർഡ് എന്നിവ ഉപയോഗിക്കുന്നു) | ജൂൺ മാസം. | ഗണിത അധ്യാപകർ. | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ. | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ. | തുടർപ്രവർത്തനം | അധ്യാപകർ. | ടീച്ചേർസ് ഗ്രാന്റ്. |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിക്കുക. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ. | പി.ടി.എ. |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അറിവുകൾ ഇവ പരിചയപ്പെടുന്നു. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന്. | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| സംഖ്യാബോധം ഉണ്ടാക്കൽ | സംഖ്യാപഠനം | തുടർപ്രവർത്തനം | അധ്യാപകർ സംഖ്യതലവൻ. | |
| ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതിയ രൂപങ്ങൾ, ചതുഷ്ക്രിയകൾ ഇതുപോലെയുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം. | ഗണിത അധ്യാപകർ. | |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക്. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ച്ചയിൽ ഒരു പീരിയഡ്. | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| ഗണിത മത്സര വേദിയിലേക്ക്: മേളകളിൽ ഉയർന്ന സ്ഥാനം കൈവരിക്കൽ. | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന്. | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ. | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഗണിത ലാബ്. | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | ജൂൺ. | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി. ടി. എ. | പി. ടി. എ. |
| വിവിധ ശേഷികളുടെ വികസനം. | ദിനാചരണം. ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | SRG. | |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്നു ചുമതലകൾ നൽകുന്നു | മാസത്തിൽ ഒന്ന്. | അധ്യാപകർ, HM, പി.ടി.എ പ്രസിഡന്റ്. | |

ഹൈസ്കൂൾ - സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്ര ബോധം ഉള്ളവരാക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രധാന്യം അർഹിക്കുന്ന സംഭവങ്ങളിലൂടെ ചരിത്ര ബോധം വളർത്തുന്നു. ചരിത്ര പ്രാധാന്യം നിലനിൽക്കുന്ന സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, പൗരബോധം, സാമൂഹ്യ സേവനം എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ. |
| സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണം, നിരീക്ഷണം വളർത്തുക. | സാമൂഹ്യ ശാസ്ത്ര ലാബ് പഠനം അവതരിപ്പിക്കുമ്പോൾ ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക. | | | |

ഹൈസ്കൂൾ - സോഷ്യൽ സയൻസ്

| | | | | |
|---|---|---|---|---|
| മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തിയെടുക്കാനുതകുന്ന പ്രവർത്തനങ്ങളിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | ചർച്ചകൾ, സംവാദം, ദിനാചരണങ്ങളിലൂടെ പ്രവർത്തനങ്ങൾ നടത്തുക. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക. | അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | | | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, വീഡിയോ നിരീക്ഷണം എന്നിവ നടത്തുക. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| വ്യത്യസ്ത ഇനം മണ്ണ്, ജലാശയങ്ങൾ, കാട്, പർവതങ്ങൾ സമുദ്രങ്ങൾ ഇവ പരിചയപ്പെടൽ | ICT-യുടെ സഹായത്തോടെ വിവിധ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കൽ. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |